3636
6/10/18

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരിക-കാര്യ വകുപ്പ് - കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല വൈസ് ചാൻസലറുടെ ശമ്പളം പുനർ നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

**സ.ഉ.(എം.സ്) നം.38/2018/സാം.കാ.വ** **തീയതി, തിരുവനന്തപുരം 05/10/2018**

പരാമർശം:- കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല രജിസ്ട്രാറുടെ 21/02/2018 ലെ കെകെഎംഡിയു/സി 358/2018 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ബഹു കേരള ഗവർണറുടെ 03/02/2018 ലെ വിജ്ഞാപനം പ്രകാരം 05/02/2018 ന് ശ്രീ.ടി.കെ നാരായണൻ കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല വൈസ് ചാൻസലറായി ചാർജ്ജ് എടുത്തതായും, കലാമണ്ഡലം കല്പിത സർവ്വകലാശാലയുടെ മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷനിലെ വ്യവസ്ഥകൾ പ്രകാരം വൈസ് ചാൻസലറുടെ ശമ്പളം സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുള്ളതായും, നിലവിൽ കലാമണ്ഡലം കല്പിത സർവ്വകലാശാല വൈസ് ചാൻസലർക്ക് കൺസോളിഡേറ്റഡ് നിരക്കിൽ 25,000/- രൂപയാണ് ശമ്പളമായി നല്കി വരുന്നത് എന്നും പരാമർശ കത്ത് പ്രകാരം സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. നിലവിലെ വൈസ് ചാൻസലർ ശ്രീ.ടി.കെ നാരായണൻ പ്രൊഫസറായി സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച വ്യക്തിയാണെന്നും ഈ സാഹചര്യത്തിൽ ടിയാന്റെ നിയമനം പുനർനിയമനമായി കണക്കാക്കി കെ.എസ്.ആർ ഭാഗം 3 ചട്ടം 100 പ്രകാരം ശമ്പളം നിശ്ചയിക്കണമെന്നും രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല വൈസ് ചാൻസിലറായി നിയമിതനായ ശ്രീ.ടി.കെ.നാരായണന്റെ നിയമനം പുനർ നിയമനമായി കണക്കാക്കി ടിയാന്റെ സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം 3 ചട്ടം 100 പ്രകാരം (19.10.2016 ലെ സ.ഉ (പി) നം 159/2016/ധന ഉത്തരവിന് അനുസൃതമായി പരിഷ്കരിച്ചത്) താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് നിർദ്ദേശങ്ങൾക്ക് വിധേയമായി പുനർ നിർണ്ണയം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. നിലവിലുള്ള ശമ്പള സ്കെയിൽ ബാധകമാകുന്ന തസ്തികയിൽ നിന്നും വിരമിച്ചവരുടെ പുനർനിയമന വേതനം അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ചതായിരിക്കണം. പെൻഷനും പുനർനിയമന വേതനവും ചേർന്നു വരുന്ന തുക അവസാനം വാങ്ങിയ ശമ്പളത്തെ അധികരിക്കരുത്.
2. വിരമിച്ച തസ്തികയുടെ പരിഷ്കരിച്ച സ്കെയിലിന്റെ അടിസ്ഥാനത്തിൽ എച്ച് ആർ എ, സി സി എ, അനുവദിക്കാവുന്നതാണ്.
3. മാതൃ വകുപ്പിലെ നിരക്കുകൾക്കനുസൃതമായി ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.
4. പെൻഷന് ക്ഷാമാശ്വാസം അനുവദിക്കാവുന്നതാണ്.
5. വാർഷിക ഇൻക്രിമെന്റിനു അർഹതയുണ്ട്. എന്നാൽ സ്റ്റാഗ്നേഷൻ ഇൻക്രിമെന്റിനു അർഹതയില്ല.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റാണി ജോർജ്ജ്**

സെക്രട്ടറി

വൈസ് ചാൻസലർ,കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല, തൃശ്ശൂർ

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തൈക്കാട്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (12.07.2018 ലെ EDN-C3/116/2018-Fin പ്രകാരം)
GA(SC) വകുപ്പ് (03.10.2018 ലെ ഇനം നമ്പർ 2511 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്(സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

AS
3/10

666

രഹസ്യം

# കേരള സർക്കാർ

28

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 03-10-2018

ഫയൽ നം.എ1/114/2018/സിഎൽഎഡി. ഇനം നം: 2511

വിഷയം : സാംസ്കാരികകാര്യ വകുപ്പ് - കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല വൈസ് ചാൻസലറുടെ ശമ്പള നിർണ്ണയം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

29. മുൻ [illegible] ഉത്തരവ് പ്രകാരം കരട് സ.ഉ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

4/10/18
4/10
4/10/18
4/10/18

[illegible] സെക്രട്ടറി

**കേരള സർക്കാർ**

**(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)**

**(മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)**

| | |
|---|---|
| 1) ഫയൽ നമ്പർ | എ 1/114/2018/സി.എൽ.എ.ഡി |
| 2) വകുപ്പ് | സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) വിഷയം | കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല വൈസ് ചാൻസലറുടെ ശമ്പള നിർണ്ണയം സംബന്ധിച്ച് |
| 4) മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 14/08/18 |
| (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | അതെ |
| (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6) മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7) കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ഗീത കെ. |
| 8) കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി.റാണി ജോർജ്ജ് |
| 9) മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 12/09/2018 |
| 10) മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ ടോം ജോസ് |
| 11) മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26/09/2018 |
| 12) കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ എ.കെ.ബാലൻ |
| 13) മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 28/09/2018 |
| 14) കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 01/10/2018. |
| 15) മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16) തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല വൈസ് ചാൻസലറായ ശ്രീ.ടി.കെ.നാരായണന്റെ ശമ്പള നിർണ്ണയം സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിന്റെ 14/3/2006-ലെ നോട്ടിഫിക്കേഷൻ പ്രകാരം കേരള കലാമണ്ഡലത്തിന് കല്പിത സർവ്വകലാശാല പദവി നൽകി ഉയർത്തിയിരുന്നു. തുടർന്ന് 18/1/2007 -ലെ സ.ഉ(എം.എസ്) 2/07/സി.എ.ഡി നമ്പർ ഉത്തരവ് പ്രകാരം കലാമണ്ഡലം കല്പിത സർവ്വകലാശാലയിൽ ഒരു വൈസ് ചാൻസലറുടെ (കൺസോളിഡേറ്റഡ് ശമ്പളം 25,000/-) തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ബഹു ഗവർണറുടെ 03/02/2018 ലെ വിജ്ഞാപനം പ്രകാരം 05/02/2018 ന് ശ്രീ.ടി.കെ നാരായണൻ സർവ്വകലാശാല വൈസ് ചാൻസിലറായി ചാർജ്ജ് എടുക്കുകയും ചെയതു. കലാമണ്ഡലം കല്പിത സർവ്വകലാശാലയുടെ മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷനിലെ വ്യവസ്ഥകൾ പ്രകാരം വൈസ് ചാൻസലറുടെ ശമ്പളം സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമായിരിക്കുമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ കലാമണ്ഡലം കല്പിത സർവ്വകലാശാല വൈസ് ചാൻസലർക്ക് കൺസോളിഡേറ്റഡ് നിരക്കിൽ 25,000/- രൂപയാണ് ശമ്പളമായി നല്കി വരുന്നത്. നിലവിലെ വൈസ് ചാൻസലർ ശ്രീ .ടി.കെ നാരായണൻ പ്രൊഫസറായി സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച വ്യക്തിയാണ്. ഈ സാഹചര്യത്തിൽ ടിയാന്റെ നിയമനം പുനർനിയമനമായി കണക്കാക്കി PART III KSR RULE 100 പ്രകാരം ശമ്പളം നിശ്ചയിക്കണമെന്ന് കലാമണ്ഡലം വൈസ് ചാൻസലർ അഭ്യർത്ഥിച്ചിട്ടുണ്ട്.

പ്രസ്തുത വിഷയത്തിൽ ധനകാര്യ വകുപ്പ് താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി

ചുവടെ പറയും പ്രകാരം ഭരണവകുപ്പിനെ അറിയിക്കുന്നു:

"19.10.2016 ലെ സ.ഉ (പി)നം. 159/2016/ധന പ്രകാരം നിലവിലുള്ള ശമ്പള സ്കെയിൽ

ബാധകമാകുന്ന തസ്തികയിൽ നിന്നും വിരമിച്ചവരുടെ പുനർനിയമന വേതനം അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ചതായിരിക്കണം. പെൻഷനും പുനർനിയമന വേതനവും ചേർന്നു വരുന്ന തുക അവസാനം വാങ്ങിയ ശമ്പളത്തെ അധികരിക്കരുത്.

a) വിരമിച്ച തസ്തികയുടെ പരിഷ്കരിച്ച സ്കെയിലിന്റെ അടിസ്ഥാനത്തിൽ HRA, CCA അനുവദിക്കാവുന്നതാണ്.

b) മാതൃവകുപ്പിലെ നിരക്കുകൾക്കനുസൃതമായി ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.

c) പെൻഷന് ക്ഷാമാശ്വാസം അനുവദിക്കാവുന്നതാണ്.

d) വാർഷിക ഇൻക്രിമെന്റിനു അർഹതയുണ്ട്. എന്നാൽ Stagnation ഇൻക്രിമെന്റിനു അർഹതയില്ല.

മേൽ ചട്ടങ്ങളുടെ വെളിച്ചത്തിൽ കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല വൈസ് ചാൻസിലറായി നിയമിതനായ ശ്രീ.ടി.കെ.നാരായണന്റെ നിയമനം പുനർ നിയമനമായി കണക്കാക്കി സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം 3 ചട്ടം 100 പ്രകാരം (19.10.2016 ലെ സ.ഉ (പി) നം 159/2016/ധന ഉത്തരവിന് അനുസൃതമായി പരിഷ്കരിച്ചത്) ബഹു. മന്ത്രിസഭയുടെ അനുമതിയോടെ പുനർ നിർണ്ണയം നടത്താവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്.

3. കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല വൈസ് ചാൻസിലറായി നിയമിതനായ ശ്രീ.ടി.കെ.നാരായണന്റെ സേവന വേതന വ്യവസ്ഥകൾ പുനർ നിർണ്ണയം നടത്തുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല വൈസ് ചാൻസിലറായി നിയമിതനായ ശ്രീ.ടി.കെ.നാരായണന്റെ നിയമനം പുനർ നിയമനമായി കണക്കാക്കി ടിയാന്റെ സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം 3 ചട്ടം 100 പ്രകാരം (19.10.2016 ലെ സ.ഉ (പി) നം 159/2016/ധന ഉത്തരവിന് അനുസൃതമായി പരിഷ്കരിച്ചത്) ധനകാര്യ വകുപ്പിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി പുനർ നിർണ്ണയം നടത്തുന്നതിന് അനുമതി നൽകാവുന്നതാണോ?